**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.818 03.12.2014-ൽ മറുപടിയ്ക്ക്

**<u>ആലപ്പുഴ മെഡിക്കൽ കോളേജിൽ പട്ടികവിഭാഗത്തിൽപ്പെട്ടവർക്കായുള്ള പാരാമെഡിക്കൽ കോഴ്സ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.സുധാകരൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ റ്റി.ഡി മെഡിക്കൽ കോളേജിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പാരാമെഡിക്കൽ കോഴ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) | ഇതിനായി കെട്ടിടം പണിയാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ആദ്യഘട്ടത്തിൽ 90 ലക്ഷം രൂപ അനുവദിച്ചു. 24/11/2008 ലെ ഉത്തരവ് നമ്പർ 1378/2009/എസ്.സി.എസ്.റ്റി പ്രകാരം ടി കെട്ടിട നിർമ്മാണത്തിന് 438.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |
| (സി) | കെട്ടിടം പണി പൂർത്തിയായോ; എന്നാണ് പൂർത്തിയായത്; വ്യക്തമാക്കാമോ; | (സി) | 21/10/2013 ൽ കെട്ടിടം പണി പൂർത്തിയാക്കി സർക്കാരിന് കൈമാറിയിട്ടുണ്ട്. |
| (ഡി) | കെട്ടിടം പണി കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും കോഴ്സ് ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (ഡി) | കെട്ടിടം പണി എല്ലാ സൗകര്യങ്ങളോടും കൂടി പൂർത്തിയാക്കിയിട്ട് 4 മാസങ്ങളേ ആയിട്ടുള്ളൂ. കോഴ്സ് ആരംഭിക്കുന്നതിന് തസ്തികകൾ സൃഷ്ടിച്ച് പാരാമെഡിക്കൽ കോഴ്സ് അനുവദിച്ച് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തി എൽ.ബി.എസ് വഴി പ്രവേശനം നടത്താനാണ് ഉദ്ദേശിക്കുന്നത് |
| (ഇ) | കോഴ്സ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ്, വിശദമാക്കാമോ; | (ഇ) & (എഫ്) | അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതു മൂലമാണ് ടി കോഴ്സുകൾ തുടങ്ങുന്നതിനുള്ള തടസ്സം. തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (എഫ്) | കോഴ്സ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ